(എഫ്) പാലം തകർന്നു വീണിട്ടില്ല. ഒരു ഓഗം ഒടിഞ്ഞു വീഴുകയാണുണ്ടായത്.

നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് വാർഡ് പുനർനിർണ്ണയം

30(410) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ വാർഡ് പുനർനിർണ്ണയം കഴിഞ്ഞപ്പോൾ ഓരോ പഞ്ചായത്തിലും പുതിയ കൊണ്ടു വാർഡുകളുടെ പേരുകൾ പഞ്ചായത്തുകളുടെ പേരിനോടൊപ്പം വെളിപ്പെടുത്തുമോ ?

ഉത്തരം

നെടുവത്തൂർ, വെളിയം, പൂയപ്പള്ളി കരിമ്പ, എഴുകോൺ, വെളിനെല്ലൂർ, പവിത്രേശ്വരം എന്നീ ഗ്രാമപഞ്ചായത്തുകളാണ് നെടുവത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ വാർഡ് പുനർനിർണ്ണയം കഴിഞ്ഞപ്പോൾ പുതുതായുണ്ടാക്കിയ വാർഡുകളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പാലോട് ബ്ലോക്ക് സി. ആർ. ഇ. സി. എൻജിനീയർ എം. ജെ. തോമസിനെതിരെ നടപടി*

31(411) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലോട് ബ്ലോക്ക് സി. ആർ. ഇ. സി. എൻജിനീയർ എം. ജെ. തോമസിനെ നീക്കം ചെയ്തുവോ ;

(ബി) എങ്കിൽ ആരുടെ പരാതി അനുസരിച്ചാണ് നീക്കം ചെയ്തത് ;

(സി) പരാതി എപ്പോൾ ലഭിച്ചുവെന്നും അത് എപ്പോൾ അന്വേഷണം നടത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) എന്നാണ് ഇയാളെ നീക്കം ചെയ്തത് ;

(ഇ) അയാൾക്കെതിരെയുള്ള പരാതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പരാതികളിൽ ഏതെല്ലാം കാര്യങ്ങളിലാണ് അയാൾ കുറ്റക്കാരനായി കണക്കാക്കിയിട്ടുള്ളത് ;

(ജി) ഇതു സംബന്ധിച്ച് വിശദീകരണം ചോദിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അകലക്കുന്നം, കുരോപ്പട, മീനടം പഞ്ചായത്തുകളിൽ 1999-2000 വർഷത്തിൽ എവിടെയെങ്കിലും എൻജിനീയറിംഗ് ട്രെയിനികൾ ഉണ്ടായിരുന്നോ ;

(ഐ) എങ്കിൽ ഏത് പഞ്ചായത്തിൽ ആണെന്ന് വ്യക്തമാക്കാമോ ;

(ജെ) ജനകീയാസൂത്രണത്തിലെ പൊതുമരാമത്തു വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവെടുക്കൽ, ബില്ലുതയ്യാറാക്കൽ എന്നീ ജോലികൾ ചെയ്യുന്ന എൻജിനീയർക്ക് കൊടുക്കേണ്ട പ്രതിഫലം എത്രയാണ് ;

(കെ) ഇതിൽ കൂടുതൽ പ്രതിഫലം ഈ എൻജിനീയർ കൈപ്പറ്റിയിട്ടുണ്ടോ ;

(എൽ) ഗുണഭോക്തൃസമിതിക്ക് അനുവദിച്ചിട്ടുള്ള 2 ½ ശതമാനം തുകയിൽനിന്നും എന്തെങ്കിലും തുക എൻജിനീയർ കൈപ്പറ്റിയതായി അന്വേഷണം നടത്തിയതിൽ തെളിഞ്ഞിട്ടുണ്ടോ ;

(എം) എൻജിനീയറെ പിരിച്ചുവിടുന്നതിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(എൻ) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എൻ) വിവരം ശേഖരിച്ചുവരുന്നു.

ഇന്ദ്രപാലന്റെ പേരിൽ സ്വീകരിച്ച ശിക്ഷാനടപടികൾ

32(412) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മുനിസിപ്പൽ സെക്രട്ടറി ആയിരുന്ന ശ്രീ. ഇന്ദ്രപാലന്റെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഉദ്യോഗസ്ഥന് ഇപ്പോൾ നൽകിയിട്ടുള്ള ചുമതല എന്താണ് ;

(ഡി) കായംകുളം നഗരസഭയിൽ 1998-99 വർഷത്തിൽ നടന്നതായി പറയുന്ന ക്രമക്കേടുകളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനുമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കായംകുളം മുനിസിപ്പൽ സെക്രട്ടറി ആയിരുന്ന ശ്രീ. ജി. ഇന്ദ്രപാലൻപിള്ളയെ അച്ചടക്ക നടപടികൾക്ക് വിധേയമാക്കി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly